(ബി) സംസ്ഥാനത്ത് നിയമന നിരോധനം നിലവിലില്ല. 19-9-2014 ലെ സ.ഉ.(പി) നമ്പർ 400/2014/ധന. പ്രകാരം 2015 മാർച്ച് 31 വരെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയോ എക്സ്റ്റേണൽ എയ്ഡഡ് പ്രോജക്ടുകളുടേയോ ഭാഗമായോ കേന്ദ്ര/സംസ്ഥാന നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരമോ അല്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് അനിവാര്യമായ സാഹചര്യങ്ങളിൽ ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയും പി&എ.ആർ.ഡി-യുടെയും ബന്ധപ്പെട്ട ഭരണ വകുപ്പിന്റെയും പ്രതിനിധികളും ബന്ധപ്പെട്ട വകുപ്പ് മേധാവിയും ഉൾപ്പെട്ട കമ്മിറ്റി ശുപാർശ ചെയ്യുന്ന നിർദ്ദേശങ്ങൾ ധനകാര്യവകുപ്പിന്റെയും പി&എ.ആർ.ഡി-യുടെയും ബന്ധപ്പെട്ട ഭരണ വകുപ്പിന്റെയും സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റി പരിശോധിച്ച് മന്ത്രിസഭയ്ക്ക് മുമ്പാകെ സമർപ്പിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

മന്ത്രിസഭാ ചർച്ചയ്ക്ക് ധനകാര്യ വകുപ്പ് മേധാവി നൽകിയ കുറിപ്പ്

187 (527) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതുധനകാര്യ സ്ഥിതി സംബന്ധിച്ച് മന്ത്രിസഭാ ചർച്ചയ്ക്ക് ധനകാര്യ വകുപ്പ് മേധാവി ഡോ. കെ. എം. അബ്രഹാം നല്കിയ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) 2014 സെപ്റ്റംബർ 17-ന് നടന്ന മന്ത്രിസഭാ യോഗത്തിൽ പ്രസ്തുത കുറിപ്പ് ചർച്ചചെയ്തതിനുശേഷം ഈ വിഷയത്തിൽ എടുത്തതീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; അതിന്റെ തുടർച്ചയായി പിന്നീട് എടുത്ത തീരുമാനങ്ങളും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) മന്ത്രിസഭയ്ക്ക് സമർപ്പിക്കുന്ന കുറിപ്പുകൾ നിയമസഭയിൽ സമർപ്പിക്കുന്ന കീഴ്വഴക്കം ഇല്ല.

(ബി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി നൂടലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 19-9-2014 ലെ സ.ഉ.(പി) നമ്പർ 409/2014/ധന. പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യവകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. 19-9-2014 ലെ സ.ഉ.(പി) നമ്പർ 399/2014/ധന. ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു 10-11-2014 ലെ സ.ഉ.(പി) നമ്പർ 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിനത്തിൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു ഒരു ലക്ഷത്തിൽ കൂടുതൽ ഇകയ്യ് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

25-9-2014 ലെ സ.ഉ.(എംഎസ്.) നമ്പർ 88/2014/WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിഭവങ്ങളിൽനിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20 ശതമാനം കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ

LIBRARY ARCHIVES Kerala Legislative Assembly

സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മുപ്പതിനായിരത്തോളം താല്ക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15 ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്.

മുഹമ്മയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

188 (528) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല മുഹമ്മയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് 2013 ഏപ്രിൽ മാസം ഭരണാനുമതി ലഭിച്ചെങ്കിലും പ്രസ്തുത ഫണ്ട് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കൈമാറുന്നതിന് കാലവിളംബരം നേരിട്ടുന്നത് എന്തുകൊണ്ടെന്ന് പറയാമോ ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ്ഡിൽ അനുവദിച്ച പ്രസ്തുത ഫണ്ട് കൈമാറുന്നതിന് ഉണ്ടായ സാങ്കേതിക തടസ്സം ഒഴിവാക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനിയർ 18-3-2014-ൽ FB4/17477/2014 നമ്പരായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്ത് മറുപടി നൽകാതെവച്ച് താമസിപ്പിച്ചത് എന്തുകൊണ്ടാണെന്നു പറയാമോ ; ഈ ഫയൽ ഓരോ സീറ്റിലും എത്ര നാൾ ഉണ്ടായിരുന്നു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ & ബി) ചേർത്തല മുഹമ്മയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിന് H&FWD വഴി ഭരണാനുമതി പുറപ്പെടുവിച്ച PWD ബിൽഡിംഗ്വഴി നടപ്പിലാക്കുന്നതിനുപകരം അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തെയാണ് ചുമതല ഏൽപ്പിച്ചത്. ഡെപ്പോസിറ്റ് വർക്ക് നടപ്പിലാക്കുന്നതിനായി എഗ്രിമെന്റ് വയ്ക്കുന്നതിനും സ്ഥലം കൈമാറുന്നതിനും തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുമുള്ള അധിക സാങ്കേതികത്വംമൂലം താരതമ്യേന പുതിയ പദ്ധതിയായതിനാൽ കാലതാമസം നേരിട്ടിട്ടുണ്ട്. കൂടാതെ GO(P) 332/2012/Fin dated 11-6-2012-ലെ ജനറൽ ഗൈഡ് ലൈൻ ഖണ്ഡിക (4) പ്രകാരം സൂപ്പർവിഷൻ/അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് എന്നിവ അനുവദിക്കു

LIBRARY ARCHIVES Kerala Legislative Assembly